നമ്പർ . എ 1/677/2025 സൂപ്രണ്ട്, സാമൂഹികാരോഗ്യകേന്ദ്രം
കൊടുവായൂർ-678501 .

ഇ —മെയിൽ : chckoduvayur@gmail. Com
തീയതി .18/08/2025

ദർഘാസ് നോട്ടീസ്

കൊടുവായൂർ സാമൂഹികാരോഗ്യകേന്ദ്രതിലെ വാഹനമായ KL 01 AZ3293 18.03.2025 ലെ ജി.ഒ (പി) നം. 27/2025/ഫിൻ പ്രകാരവും താഴെ കൊടുത്തിട്ടുള്ള നിബന്ധനകൾ പ്രകാരവും പരസ്യമായി ലേലം/ക്വട്ടേഷൻ ചെയ്ത് വില്പന നടത്തിയ ശേഷം 5 (അഞ്ച്) വർഷത്തേയ്ക്ക് ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം തിരികെ വാടകയ്ക്ക് എടുക്കുന്നതിനുള്ള ദർഘാസ് നോട്ടീസ്.

**വാഹനത്തിന്റെ വിശാദാംശങ്ങൾ**

1. Registration No. -- KL 01 AZ3293
2. Make and Model TATA SPACIO
3. Fuel ---- DISEL
4. Registration Validity up o----- 16/09/2025
5. Total Km covered ( as on 15.08 .2025)- 148335 kmtr
6. Insurance paid upto - 02/11/2025

**നിബന്ധകൾ**

1. ലേലം കൈമാറുന്ന ആൾ വാഹനം വകുപ്പിൽ നിന്നും വാങ്ങി തിരികെ 5 (അഞ്ച്) വർഷത്തേയ്ക്ക് വകുപ്പിന് തന്നെ വാടകയ്ക്ക് നൽകേണ്ടതാണ്.
2. വാഹനം വാങ്ങുന്നതിന് ലേലം കൊള്ളാൻ ഉദ്ദേശിക്കുന്ന തുകയും വാഹനം വാടകയ്ക്ക് തിരികെ വകുപ്പിന് തന്നെ നൽകുന്നതിനുള്ള മാസവാടകയും ഇതോടോപ്പം ചേർത്തിട്ടുള്ള ഫോർമാറ്റിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
3. വാഹനം വാങ്ങാൻ ഉദ്ദേശിക്കുന്ന തുകയും മാസ വാടകയും തമ്മിലുള്ള അനുപാതം കണക്കാക്കി അതിൽ കുറഞ്ഞ അനുപാതം അടിസ്ഥാനപ്പെടുത്തിയായിരിക്കും ലേലം അംഗീകരിക്കുന്നത്.
4. 18.03.2025 ലെ ജി.ഒ (പി) നം. 27/2025/ഫിൻ സർക്കാർ ഉത്തരവ് പ്രകാരം ആയിരിക്കും ലേലം അംഗീകരിക്കുന്നത്.
5. വാഹനത്തിനാവശ്യമായ ഇന്ധനം, ഡ്രൈവർ എന്നിവ വകുപ്പിൽ നിന്നും നൽകുന്നതായിരിക്കും. വാഹനത്തിന്റെ അറ്റകുറ്റ പ്രവർത്തികളും തുടർ അനുബന്ധ പ്രവർത്തികളും മറ്റ് എല്ലാ ചിലവുകളും കരാറുകാരൻ സ്വയം നിർവഹിക്കേണ്ടതാണ്.
6. വാഹനം ലേലം മുഖാന്തിരം വാങ്ങിയ ശേഷം ലേലം കൈകൊണ്ടയാൾ വാഹനത്തിന്റെ ഉടമസ്ഥാവകാരം സ്വന്തം പേരിൽ ആക്കിയ ശേഷം വകുപ്പിന്റെ തുടർന്നുള്ള ഉപയോഗത്തിനു വേണ്ടി സ്വന്തം ചിലവിൽ contract carriage permit എടുത്തിരിക്കണം.,
7. ലേലം കൈകൊണ്ടയാൾ വാഹനത്തിന്റെ മുഴുവൻ തുകയും (18% ജി.എസ്.ടി അടക്കം) ലേലം സ്വീകരിച്ച ഉടൻ കെട്ടി വെക്കേണ്ടതാണ്. അല്ലാത്ത പക്ഷം അടുത്ത കുറഞ്ഞ അനുപാത തുക രേഖപ്പെടുത്തിയ ആൾക്ക് ലേലം ഉറപ്പിച്ചു നൽകുന്നതാണ്.
8. ലേലം കൈകൊണ്ട ആൾ വാടക കാലാവധിയിൽ (കുറഞ്ഞത് അഞ്ചു വർഷം) വാഹനം വകുപ്പ് തല ആവശ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ പാടുള്ളതല്ല.
9. ലേലം കൈകൊണ്ട ആൾ കേരള സർക്കാരിന്റെ 200 രൂപയുടെ മുദ്രപത്രത്തിൽ വാടക കരാറിൽ ഏർപ്പെടേണ്ടതാണ്.
10. കരാറിൽ ഏർപ്പെടുന്ന തീയതി മുതൽ വാഹനം വകുപ്പിന്റെ ഔദ്യോഗികാവശ്യങ്ങൾക്കുള്ള യാത്രകൾക്കു ശേഷം മുഴുവൻ സമയവും കാര്യാലയത്തിൽ പാർക്ക് ചെയ്യേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർ/ക്വട്ടേഷനുകൾ സമർപ്പിക്കുന്നവർ കൊടുവായൂർ സാമൂഹികാരോഗ്യകേന്ദ്രം സൂപ്രണ്ടിന്റെ പേരിൽ വാങ്ങിയ 1000 /- രൂപയുടെ Demand Draft നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്.നിരതദ്രവ്യം സമർപ്പിക്കാത്തവർക്ക് ലേലത്തിൽ പങ്കെടുക്കാനോ ക്വട്ടേഷനുകൾ സമർപ്പിക്കുവാനോ സാധിക്കുകയില്ല. ലേലത്തിൽ പങ്കെടുക്കുന്നവർ/ക്വട്ടേഷനുകൾ സമർപ്പിക്കുന്നവർ പേരും അഡ്രസ്സും മറ്റും തെളിയിക്കുന്നതിന് പാൻ കാർഡിന്റെയും സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ ലേലം ആരംഭിക്കുന്നതിന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

സീൽ ചെയ്ത ക്വട്ടേഷനുകൾ 26/08/2025 നു 12 മണിക്ക് ന് മുമ്പായി സൂപ്രണ്ട്, സാമൂഹികാരോഗ്യകേന്ദ്രം കൊടുവായൂർ എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. അങ്ങനെ ലഭിച്ച ക്വട്ടേഷനുകൾ അന്നേ ദിവസം 02.30 ന് നടത്തുന്ന പരസ്യ ലേല നടപടികൾ പൂർത്തിയാത്തിയ ശേഷം അപ്പോൾ സന്നിഹിതരായിട്ടുള്ള ക്വട്ടേഷനുകൾ അല്ലെങ്കിൽ അവരുടെ രേഖാമൂലം ചുമതപ്പെട്ടിട്ടുള്ള വ്യക്തികൾ, ലേലക്കാർ എന്നിവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

ക്വട്ടേഷൻ/ലേലം അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം താഴെ ഒപ്പ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ഈ ക്വട്ടേഷൻ/ലേല നടപടികൾ സർക്കാരിന്റെ നിലവിലെ എല്ലാ നിയമങ്ങൾക്കും ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിട്ടുള്ളതുമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ആഫീസ് പ്രവർത്തി സമയങ്ങളിൽ 04923 252930 എന്ന ടെലിഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

<table>
<tr><td colspan="3">ആരോഗ്യവകുപ്പ് തല വാഹനമായ......................................................................... ലേലം മുഖേന വാങ്ങുന്നതിനു തിരികെ<br>........................................... വാടകയ്ക്ക് നൽകുന്നതിനുമുള്ള ദർഘാസ് ഷെഡ്യൂൾ</td></tr>
<tr><td>വാഹനം വാങ്ങുവാൻ ഉദ്ദേശിക്കുന്ന വില (അക്കത്തിലും അക്ഷരത്തിലും)</td><td>വാഹനം തിരികെ വകുപ്പിന് വാടകയ്ക്ക് നൽകുന്നതിന് ഉദ്ദേശിക്കുന്ന മാസ വാടക (അക്കത്തിലും അക്ഷരത്തിലും)</td><td>വാഹനം വാങ്ങുവാൻ ഉദ്ദേശിക്കുന്ന വിലയുടെയും വാഹനം തിരികെ വകുപ്പിന് വാടകയ്ക്ക് നൽകുന്നതിന് ഉദ്ദേശിക്കുന്ന മാസ വാടകയുടെയും അനുപാതം</td></tr>
<tr><td>രൂപ........................</td><td>രൂപ............................./മാസം</td><td></td></tr>
</table>

ദർഘാസിൽ പങ്കെടുക്കുന്നയാളുടെ പേര്.

മേൽവിലാസം

തീയതി. ഒപ്പ്

പേരും മേൽവിലാസവും തെളിയിക്കുന്നതിന് പാൻകാർഡിന്റെയും ആധാർ കാർഡിന്റെയും സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി ഇതോടോപ്പം സമർപ്പിക്കേണ്ടതാണ്.

Signed by
Haseena M
Date: 18-08-2025 13:28:54

വിശ്വസ്തതയോടെ

സൂപ്രണ്ട്,

സാമൂഹികാരോഗ്യകേന്ദ്രം

കൊടുവായൂർ

സ്വീകർത്താവ് :നോട്ടീസ് ബോർഡ്

പകർപ്പ് : നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനായി

1 )പ്രസിഡണ്ട് /സെക്രട്ടറി ,ബ്ലോക്ക് പഞ്ചായത്ത് , Kollengod .
2)പ്രസിഡണ്ട് /സെക്രട്ടറി ,ഗ്രാമ പഞ്ചായത്ത്, കൊടുവയൂർ .
3)ജില്ലാ മെഡികൽ ഓഫീസ്,പാലക്കാട്
4 )പബ്ലിക് റിലേഷൻസ് ഓഫീസർ,പാലക്കാട്,( പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനായി )
5 )ആരോഗ്യ വകുപ്പ് ഡയറക്ടർ(സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ) ആമുഖ കത്ത് സഹിതം
6 )സൂപ്രണ്ട്,ജില്ലാ ആശുപത്രി/വനിത ശിശു ക്ഷേമ ആശുപത്രി/ പാലക്കാട് .
7 ) സൂപ്രണ്ട്, താലൂക്കാശുപത്രി ,ചിറ്റൂർ .